**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2560** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ, പയ്യന്നൂർ, കരിവെള്ളൂർ, പാടിയോട്ടുചാൽ, ചെറുപുഴ, മാതമംഗലം എന്നീ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ, പാടിയോട്ടുചാൽ, ചെറുപുഴ എന്നീ സെക്ഷൻ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുവാനുള്ള സ്ഥലം ലഭ്യമാണ്. മറ്റ് സെക്ഷനാഫീസുകൾക്ക് സ്ഥലം ലഭ്യമായിട്ടില്ല. ഇതിൽ പാടിയോട്ടുചാൽ സെക്ഷൻ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ആയിട്ടുള്ളതാണ്. എസ്റ്റിമേറ്റ് തുകയിൽ ഉണ്ടായ വർദ്ധനവ് മൂലം പുതുക്കിയ തുകയ്ക്കുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതുക്കിയ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പാടിയോട്ടു ചാൽ സെക്ഷന്റെ നിർമ്മാണത്തിനുള്ള തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.<br><br>എന്നാൽ ചെലവു ചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്ക നടപടികളെ തുടർന്ന് ഇനി പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31.03.2023 വരെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിനാൽ വെള്ളൂർ, ചെറുപുഴ സെക്ഷനാഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതാണ്. |
| (ബി) | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ, പാടിയോട്ടുചാൽ, ചെറുപുഴ എന്നീ സെക്ഷൻ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുവാനുള്ള സ്ഥലം ലഭ്യമാണ്. മറ്റ് സെക്ഷനാഫീസുകൾക്ക് സ്ഥലം ലഭ്യമായിട്ടില്ല. ഇതിൽ പാടിയോട്ടുചാൽ സെക്ഷൻ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ആയിട്ടുള്ള താണ്. എസ്റ്റിമേറ്റ് തുകയിൽ ഉണ്ടായ വർദ്ധനവ് മൂലം പുതുക്കിയ തുകയ്ക്കുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതുക്കിയ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പാടിയോട്ടു ചാൽ സെക്ഷന്റെ |

| | | | | |
|---|---|---|---|---|
| | | | | നിർമ്മാണത്തിനുള്ള തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.<br><br>എന്നാൽ ചെലവു ചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്ക നടപടികളെ തുടർന്ന് ഇനി പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31.03.2023 വരെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിനാൽ വെള്ളൂർ, ചെറുപുഴ സെക്ഷനാഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതാണ്. |

സെക്ഷൻ ഓഫീസർ